# മംഗോളിയയിലെ രാജീവ് ഗാന്ധി ആര്ട്ട് ആന്ഡ് പ്രൊഡക്ഷന് സ്കൂള് ആധുനികവത്ക്കരണത്തിന്റെ ആദ്യഘട്ടം ഇന്ത്യ പൂര്ത്തിയാക്കി .

ഫെബ്രുവരി 20, 2014

മംഗോളിയയിലെ ഉലാന്ബതാറിലെ രാജീവ് ഗാന്ധി ആര്ട്ട് ആന്ഡ് പ്രൊഡക്ഷന് സ്കൂള് (Rajiv Gandhi Art and Production School (RGAPS) നിലവാരം ഉയര്ത്തലിന്റെയും ആധുനികവത്ക്കരണത്തിന്റെയും ആദ്യഘട്ടം 4.5 കോടി രൂപ ചെലവില് ഫെബ്രുവരി 17, 2014 നു ഇന്ത്യ ഗവണ്മെന്റ് പൂര്ത്തിയാക്കി .
ഉലാന്ബത്താറില് നടന്ന ചടങ്ങില് പദ്ധതിയുടെ ആദ്യ ഘട്ടം ഔപചാരികമായി മംഗോളിയക്ക് കൈമാറി. ചടങ്ങില് മംഗോളിയയിലെ ആദരണീയനായ തൊഴില് മന്ത്രി ശ്രീ യ സഞ്ജ്മ്യാതവ് (Mr. Ya. Sanjmyatav) , ഇന്ത്യയുടെ ഹെവി ഇന്ഡസ്ട്രി മന്ത്രാലയത്തിലെ സെക്രട്ടറി ശ്രീ സുതനു ബറുവ എന്നിവര് പങ്കെടുത്തു. ഇന്ത്യ ഗവണ്മെന്റും മംഗോളിയയും തമ്മില് ഒക്ടോബര് 2013 നു ഒപ്പ് വച്ച ഒരു സഹായധന കരാറിന് കീഴില് ഈ നിര്മ്മാണത്തിനുള്ള ധനസഹായം കേന്ദ്ര വിദേശകാര്യമന്ത്രാലയം ആണ് നല്കിയത്. ഇന്ത്യ-മംഗോളിയ സഹകരണത്തിന്റെ പ്രധാനപ്പെട്ട തെളിവാണ് ഉലാന്ബതാറിലെ രാജീവ് ഗാന്ധി ആര്ട്ട് ആന്ഡ് പ്രൊഡക്ഷന് സ്കൂള് .
മംഗോളിയയിലെ വിദ്യാര്ഥികള്ക്ക് വിവിധ തൊഴിലധിഷ്ഠിത വിഷയങ്ങളില് പരിശീലനം നല്കുന്നതിനായി 1992 ലെ സാമ്പത്തിക സാങ്കേതിക സഹകരണ കരാറിന്റെ കീഴിലാണ് സ്കൂള് നിര്മ്മിച്ചത് . 1996 ല് രാജീവ് ഗാന്ധി ആര്ട്ട് ആന്ഡ് പ്രൊഡക്ഷന് സ്കൂള് ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു .
രാജീവ് ഗാന്ധി ആര്ട്ട് ആന്ഡ് പ്രൊഡക്ഷന് സ്കൂള് രണ്ടാം ഘട്ട ആധുനികവത്കരണം ഉടനെതന്നെ ആരംഭിക്കും

ന്യൂഡെല്ഹി
ഫെബ്രുവരി 20,2014